LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി

111(857) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 2016 മുതൽ 2021 വരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 2016 മുതൽ 2021 വരെ 25,37,500 രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) ആയതിന്റെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം നൽകുമോ?

പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) എത്ര അപേക്ഷകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*

മങ്കടയിലെ ഭവനരഹിതരായ എസ്.സി./എസ്.ടി. കുടുംബങ്ങൾ

112(858) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളാണ് നിലവിലുള്ളതെന്നും ഇതിൽ ഭൂരഹിതരായ എത്രപേരുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

മങ്കടപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാൾ ഭവനരഹിതനായുണ്ട്. ടിയാൻ ലൈഫ് മിഷൻ പദ്ധതിയുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പഞ്ചായത്ത്	ഭവന രഹിതർ	ഭൂരഹിതർ
1.	കുറുവ	160	90
2.	കൂടിലങ്ങാടി	120	70
3 .	മൂർക്കനാട്	188	110
4.	മങ്കട	150	60
5 .	പുഴക്കാട്ടിരി	98	60
6 .	മക്കരപറമ്പ്	16	06

(ബി) ഇവരിൽ എത്ര പേർ ലൈഫ് മിഷൻ പദ്ധതിയുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്; എത്രപേർ ഉൾപ്പെട്ടിട്ടില്ല; വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പഞ്ചായത്ത്	ലൈഫ് പട്ടികയിൽ ഉൾപ്പെട്ടവർ	ലൈഫ് പട്ടികയിൽ ഉൾപ്പെടാത്തവർ
1.	കുറുവ	65	170
2.	കൂടിലങ്ങാടി	36	24
3.	മൂർക്കനാട്	59	52
4.	മങ്കട	60	70
5.	പുഴക്കാട്ടിരി	44	70
6.	മക്കരപറമ്പ്	38	82

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണം പ്രസ്തുത മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ ഒരു പട്ടികവർഗ്ഗ കുടുംബത്തിന്റെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിശദാശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പഞ്ചായത്ത്	ഭവന നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം
1.	കുറുവ	22
2.	കൂടിലങ്ങാടി	18
3.	മൂർക്കനാട്	32
4.	മങ്കട	33
5.	പുഴക്കാട്ടിരി	18
6.	മക്കരപറമ്പ്	18

ദേവസ്വം ഭൂമിയിലെ റോഡുകൾക്ക് ഫണ്ട് അനുവദിക്കുന്നത്

113(859) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ മതിൽ കെട്ടിനുപുറമെയുള്ള ബോർഡുവക ഭൂമിയിലൂടെയുള്ള റോഡുകൾ ബോർഡിന്റെ അനുമതിയോടെ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം സഞ്ചാരയോഗ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് എന്നിവയിൽനിന്നും പണമനുവദിക്കുന്നതിന് അനുമതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ മതിൽ ക്കെട്ടിന് പുറമെയുള്ള ബോർഡുവക ഭൂമിയിലൂടെയുള്ള റോഡുകൾ ബോർഡിന്റെ അനുമതിയോടെ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം സഞ്ചാരയോഗ്യമാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly